# തോട്ടവിള ഗവേഷണ കേന്ദ്ര സ്ഥാപകദിനവും കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ രജത ജൂബിലി ആഘോഷങ്ങളും അഞ്ചു മുതൽ

കാസർകോട് • ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിനു കീഴിലുള്ള കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ സ്ഥാപകദിനവും കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ രജത ജൂബിലി ആഘോഷങ്ങളും കാസർകോട് സിപിസിആർഐയിൽ അഞ്ചു മുതൽ എട്ടുവരെ വിവിധ പരിപാടികളോടെ നടക്കും.

കാർഷിക വ്യവസായ പ്രദർശനം, കർഷക സമ്മേളനം, കർഷക-ശാസ്ത്രജ്ഞ മുഖാമുഖം, സെമിനാറുകൾ, പരിശീലനങ്ങൾ, സ്റ്റാംപ് പ്രകാശനം തുടങ്ങിയവയാണ് പരിപാടികൾ. കാർഷിക വ്യാവസായിക പ്രദർശനം അഞ്ചിനു രാവിലെ 10നു മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുമെന്നു സംഘാടക സമിതി ചെയർമാൻ സിപിസിആർഐ ഡയറക്ടർ ഡോ. പി.ചൗഡപ്പ, കൺവീനർ സാമൂഹികശാസ്ത്ര വിഭാഗം മേധാവി ഡോ. സിമ്പാൻ, പ്രോജക്ട് കോ-ഓർഡിനേറ്റർ ഡോ. എച്ച്.പി.മഹേശ്വരപ്പ എന്നിവർ അറിയിച്ചു.

കർഷക സമ്മേളനം എട്ടിനു രാവിലെ 10നു കേന്ദ്രമന്ത്രി ഡി.വി.സദാനന്ദഗൗഡയും അഗ്രി ബിസിനസ് എക്സ്പോയും നൈപുണ്യ വികസന പദ്ധതിയും കേന്ദ്രമന്ത്രി അനന്തകുമാർ ഹെഗ്ഡേയും ഉദ്ഘാടനം ചെയ്യും. പി.കരുണാകരൻ എംപി അധ്യക്ഷത വഹിക്കും.

നാളികേര ഗവേഷണത്തിന്റെ നൂറാം വാർഷിക സ്മരണയ്ക്കു തപാൽ വകുപ്പ് ഇറക്കുന്ന സ്റ്റാംപ് ഉത്തരമേഖലാ പോസ്റ്റ്മാസ്റ്റർ ജനറൽ കേണൽ എസ്.എഫ്.എച്ച്.റിസ്വി പ്രകാശനം ചെയ്യും. മികച്ച നാളികേരം, അടയ്ക്ക, കൊക്കോ കർഷകരെ ആദരിക്കും.

വിവിധ പ്രസിദ്ധീകരണങ്ങൾ നളിൻകുമാർ കട്ടീൽ, എൻ.എ.നെല്ലിക്കുന്ന് എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി.ബഷീർ, ഹോർട്ടികൾച്ചർ കമ്മിഷണർ ഡോ. ബി.എൻ.എസ്. മൂർത്തി, മൊഗ്രാൽപുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് എ.എ.ജലീൽ, ആത്മ പ്രോജക്ട് ഡയറക്ടർ കെ.ടി.ലീന എന്നിവർ പ്രകാശനം ചെയ്യും.

കർഷക സമ്മേളനത്തിൽ രണ്ടായിരത്തോളം കർഷകർ, കർഷക തൊഴിലാളികൾ, സ്വയം സഹായ സംഘങ്ങളുടെ പ്രതിനിധികൾ, സംരംഭകർ, വ്യവസായികൾ തുടങ്ങിയവരുൾപ്പെടെ പങ്കെടുക്കും. കർഷകരും സ്വാശ്രയ സംഘങ്ങളും തയാറാക്കുന്ന ഉൽപന്നങ്ങളുടെ പ്രദർശനവും വിൽപനയും ഉണ്ടാകും. എട്ടിനു രണ്ടിനു കർഷകരും ശാസ്ത്രജ്ഞരുമായി മുഖാമുഖം സംവാദം നടക്കും.

അഞ്ചിനു രാവിലെ 10 മുതൽ മണ്ണ്, ജലസംരക്ഷണ മാർഗങ്ങൾ, ഉയർന്ന മൂല്യമുള്ള ഫലവർഗവിളകൾ, കൊക്കോ ഉൽപാദനവും സംസ്കരണവും ആറിനു രണ്ടിനു പശു, ആട്, കോഴി, മത്സ്യം വളർത്തൽ, ഏഴിനു രാവിലെ 10നു സ്റ്റാർട്ടപ്പ് ഗ്രീൻ-കാർഷിക സംരംഭങ്ങൾക്കു പ്രാപ്തരാക്കൽ, ഒൻപതിനു രാവിലെ 10നു തേനീച്ചവളർത്തൽ, 10ന് അർബൻ-പെരി അർബൻ ഹോർട്ടികൾച്ചർ, രണ്ടിനു നാളികേരം, ചക്ക, മാങ്ങ എന്നിവയുടെ മൂല്യവർധന എന്നിവയിലാണ് സമ്മേളനം.

രജത ജൂബിലി ആഘോഷിക്കുന്ന കൃഷിവിജ്ഞാന കേന്ദ്രത്തിനു നിർമിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനവും നടക്കും.

കഴിഞ്ഞ വർഷം കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ നൂറാം വാർഷികം വിപുലമായി ആഘോഷിച്ചതിന്റെ തുടർച്ചയായാണ് എല്ലാ വർഷവും ജനുവരിയിൽ കൃഷിമേഖലയുമായി ബന്ധപ്പെട്ടവരെയെല്ലാം പങ്കെടുപ്പിച്ചു വിവിധ പരിപാടികൾ നടത്താൻ തീരുമാനിച്ചതെന്നു സിപിസിആർഐ ഡയറക്ടർ പറഞ്ഞു. നാളികേര കർഷകർ അഭിമുഖീകരിക്കുന്ന വെള്ളീച്ച ബാധയെക്കുറിച്ചു സമ്മേളനത്തിൽ വിശദമായ ചർച്ചയും വിദഗ്ധർ പരിഹാരമാർഗ നിർദേശങ്ങൾ നൽകുമെന്നും അറിയിച്ചു.